## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13 | 08/02/2016 ൽ മറുപടിക്ക് |
|---|---|

### വിജിലൻസ് അന്വേഷണരീതിയെ കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | വിജിലൻസ് അന്വേഷണരീതിയേയും അതിന്റെ നടപടികളെയും കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ ഉൾക്കൊള്ളാനും വിജിലൻസിനെ ശരിയായ നിലയിൽ നിയമാനുസൃതം പ്രവർത്തിപ്പിക്കാനും സർക്കാർ തയ്യാറാകുമോ; | (എ) | സർക്കാർ അംഗീകരിച്ച വിജിലൻസ് മാനുവലിന്റെയും ക്രിമിനൽ നടപടി ക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പല വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിവരുന്നത്. വിജിലൻസ് മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വ്യക്തമായ നടപടിക്രമങ്ങൾ പാലിക്കപ്പെട്ട് നിയമപരമായി തന്നെയാണ് ബ്യൂറോ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട കോടതികളിൽ നിന്നുണ്ടായ ഒരു ഉത്തരവിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനത്തെ വിമർശിച്ചിട്ടില്ല. ചുരുക്കം ചില കേസുകളിൽ അന്വേഷണങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ബഹുമാനപ്പെട്ട കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. |
| (ബി) | കേസുകൾ തേച്ചുമാച്ച് കളയാൻ വിജിലൻസിനെ ഉപയോഗിച്ച് ശ്രമിച്ചു എന്നതുമായി ബന്ധപ്പെട്ട കോടതി അതിനിശിതമായി വിമർശിച്ചിട്ടുള്ളതായി അറിയാമോ; | (ബി) യും (സി) യും (ഡി) യും | ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ലഭിച്ച ഉത്തരവുകളിലൊന്നും അത്തരത്തിലുള്ള ഒരു നിരീക്ഷണവും ഉണ്ടായിട്ടില്ല. |
| (സി) | "വിജിലൻസിനു സത്യസന്ധതയും ആത്മാർത്ഥതയും ഇല്ലെന്നും തട്ടിപ്പുകൾ കാട്ടി കോടതിയെ മണ്ടനാക്കരുതെന്നും വിജിലൻസ് കോടതിയെ വിജിലൻസ് കൊഞ്ഞനം കുത്തുകയാണെന്നും" കോടതി നിരീക്ഷിച്ചിരിക്കുന്നതായുള്ള സ്ഥിതിവിശേഷത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ; | | |
| (ഡി) | തൃശ്ശൂർ വിജിലൻസ് കോടതിയിൽ നിന്നും ഈ നിലയിലുള്ള വിമർശനങ്ങൾ ഏറ്റുവാങ്ങാനിടയായെങ്കിൽ, അത് ഏത് കേസിന്റെ പരിഗണനാവേളയിലായിരുന്നു; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ